# പതിനാലാം കേരള നിയമസഭ
## (രണ്ടാം സമ്മേളനം)

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:2342 06/10/2016-ൽ മറുപടിയ്ക്ക്**

**ഭരണാനുമതി ലഭിച്ച വൈപ്പിൻ നിയോജക മണ്ഡലത്തിലെ പ്രവൃത്തികൾ**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.എസ്.ശർമ്മ: | ശ്രീമതി. മേഴ്സിക്കുട്ടിഅമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കാഷ്യൂ വ്യവസായവും വകുപ്പ് മന്ത്രി): |
| എ) ഹാർബർ എൻജിനീയറിംഗ് വകുപ്പ് മുഖാന്തിരം നടപ്പാക്കുന്നതിന് ഭരണാനുമതി ലഭിച്ച വൈപ്പിൻ നിയോജക മണ്ഡലത്തിലെ ഏതെല്ലാം പ്രവൃത്തികളാണ് ഇനിയും പൂർത്തീകരിക്കാനുള്ളതെന്ന് വ്യക്തമാ ക്കാമോ? | എ) ഭരണാനുമതി നൽകിയ വൈപ്പിൻ ഫിഷ് ലാന്റിംഗ് സെന്ററിന്റെയും ഞാറയ്ക്കൽ അക്വാകൾച്ചർ ട്രെയിനിംഗ് സെന്ററിന്റെയും നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിക്കുവാനുണ്ട്. കൂടാതെ ഭരണാനുമതി നൽകിയ 49 തീരദേശറോഡുകളിൽ 15 റോഡുകളുടെ പ്രവർത്തികളും പൂർത്തീകരിക്കുവാനുണ്ട്. |
| ബി) ഇത്തരത്തിലുള്ള ഓരോ പ്രവൃത്തികളും നടപ്പാക്കുന്നതിലെ കാലതാമസം എന്തുകൊ ണ്ട ാണെന്ന് വിശദമാക്കാമോ? | ബി) **1.വൈപ്പിൻ മത്സ്യം കരയ്ക്കടുപ്പിക്കൽ കേന്ദ്രം :-**<br><br>45.70 ലക്ഷം രൂപക്ക് ഭരണാനുമതി നൽകിയ വൈപ്പിൻ മത്സ്യം കരക്കടുപ്പിക്കൽ കേന്ദ്രത്തിന്റെ ഡ്രഡ്ജിംഗ് ഒഴികെയുള്ള പ്രവൃത്തികൾ 31.8.2012 നകം പൂർത്തി യായിരുന്നു. ഫണ്ട് അനുവദിച്ച നൽകിയതിലെ കാലതാമസവും തദ്ദേശവാസികളുടെ എതിർപ്പും ഉണ്ട ായി രുന്നതിനാ ൽ ഡ്രഡ്ജിംഗ് പ്രവൃത്തി നടപ്പിലാക്കുവാൻ സാധിച്ചിട്ടില്ല.<br><br>2. ഞാറയ്ക്കൽ അക്വാകൾച്ചർ ട്രെയിനിംഗ് സെന്ററിന്റെ നിർമ്മാണത്തിന് ദർഘാസിന് അംഗീകാരം നൽകേണ്ടതുണ്ട്. ഇക്കാര്യം സർക്കാരിന്റെ പരിഗണനയിലാണ്<br><br>3. വൈപ്പിൻ നിയോജക മണ്ഡലത്തിൽ ഉൾപ്പെട്ട ഭരണാനുമതി നൽകിയ 49 തീരദേശ റോഡുകളിൽ 15 റോഡു പ്രവൃത്തികളാണ് പൂർത്തിയാകുവാനുള്ളത്. കാലതാമസം സംബന്ധിച്ച വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു. |

സെക്ഷൻ ആഫീസർ

അനുബന്ധം

പട്ടിക

| ക്രമ നമ്പർ | റോഡുകളുടെ പേര് | പൂർത്തീകരണത്തിന്റെ കാലതാമസത്തിനുള്ള കാരണം |
|---|---|---|
| 1 | നായരമ്പലം പഞ്ചായത്തിലെ ജയ്ഹിന്ദ് റോഡ് | ടാറിംഗ് ഒഴികെ മറ്റെല്ലാ പ്രവൃത്തികളും പൂർത്തിയാക്കിയിട്ടുള്ളതാണ്. ടാറിംഗ് പ്രവൃത്തി ഉടനെ പൂർത്തി യാക്കുന്നതാണ്. |
| 2 | മുളവുകാട് പഞ്ചായത്തിലെ വല്ലാർപാടം നാട്ടുചിറ അംഗ്ളോ ഇൻഡ്യൻ സ്കൂൾ റോഡ് | റോഡ് - അലൈൻമെന്റും അതിർത്തിയും പഞ്ചായത്തു മുഖേന നിർണ്ണയിച്ചു നൽകുന്നതിൽ കാലതാമസം ഉണ്ടായി. ഇപ്പോൾ പ്രവൃത്തി പുരോഗമിച്ചു കൊണ്ടിരിക്കുന്നു. |
| 3 | എടവനക്കാട് പഞ്ചായത്തിലെ മായബസാർ റോഡ് | 3 പ്രാവശ്യം ടെൻഡർ നടപടികൾ സ്വീകരിച്ചുവെങ്കിലും ആരും പങ്കെടുക്കാതെ വരികയും ദർഘാസ് ക്ഷണിച്ചതിൽ ലഭിച്ചത് സിംഗിൾ ടെൻഡർ ആകയാലും പ്രവൃത്തി ഏർപ്പാടാക്കാൻ സാധിച്ചിരുന്നില്ല. തുടർന്ന് റിവൈസ്ഡ് റ്റി.എസ്. നൽകി പ്രവൃത്തി ടെൻഡർ ചെയ്ത് 8.9.2016 തീയതിയിൽ പ്രവൃത്തിയുടെ കരാറിൽ ഏർപ്പെട്ട് പ്രവൃത്തി തുടങ്ങുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. P5-74 |
| 4 | എടവനക്കാട് പഞ്ചായത്തിലെ 3-ാം വാർഡിലെ സൈഡ് കെട്ട് റോഡ് നിർമ്മാണം | എടവനക്കാട് പഞ്ചായത്തിലെ റോഡ് നിർമ്മാണ പ്രവൃത്തിക്കുള്ള ടെൻഡറിന് അംഗീകാരം ലഭിക്കുവാൻ കാലതാമസം വന്നു. ഇപ്പോൾ പ്രവൃത്തി ഏകദേശം 70% പൂർത്തിയായി. |
| 5 | മുളവുകാട് പഞ്ചായത്തിലെ കാർത്ത്യായനി ദേവി ക്ഷേത്രം റോഡ് | പ്രവൃത്തിയ്ക്ക് 12.01.2015ൽ കരാർ വച്ച് പ്രവൃത്തി തുടങ്ങിയപ്പോൾ സ്ഥലവാസികൾ കൺസന്റ് സംബന്ധിച്ച് തടസ്സങ്ങൾ ഉന്നയിക്കുകയും പ്രവൃത്തി തുടങ്ങുന്നതിന് സാധിക്കാതെ വരികയും ചെയ്തതിനാൽ 1/16ൽ ക്ലോഷർ എഗ്രിമെന്റ് വയ്ക്കേണ്ടതായി വന്നു. ഇപ്പോൾ റോഡിനുള്ള സ്ഥലത്തിന് കൺസന്റ് ലഭിച്ചതായി പഞ്ചായത്ത് അറിയിച്ചതനുസരിച്ച് |



T1/pj

| | | |
|---|---|---|
| | | പുതുക്കിയ എസ്റ്റിമേറ്റ് തയ്യാറാക്കി ടി.എസ് നൽകുവാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| 6 | കടമക്കുടി പഞ്ചായത്തിലെ സെന്റ് ജോർജ് ചാപ്പൽ റോഡ് | 28/9/2015 തീയതിയിൽ കരാറിൽ ഏർപ്പെട്ട് പ്രവൃത്തി തുടങ്ങിയപ്പോൾ ടി പ്രവൃത്തിയിലെ ഒരു ബ്രാഞ്ച് റോഡ് നിലവിലുള്ള ചെറിയ തോട് നികത്തി ചെയ്യുവാനാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയിരുന്നത്. ഇങ്ങനെ തോട് നികത്തി റോഡ് ഉണ്ടാക്കുന്നത് സംബന്ധിച്ച് നാട്ടുകാർ തർക്കം ഉണ്ടാക്കുകയും പിന്നീട് കളക്ടറുടെ നിർദ്ദേശം അനുസരിച്ച് ടി റോഡിന്റെ പ്രവൃത്തി ചെയ്യേണ്ടതില്ല എന്ന തീരുമാനം പഞ്ചായത്ത് കമ്മിറ്റി 9/16ൽ നൽകുകയും ചെയ്തു. അതിനെ തുടർന്ന് എ.എസ്.ലുള്ള മറ്റു റോഡുകളുടെ പ്രവൃത്തികൾ നടപ്പാക്കുന്നതിന് പഞ്ചായത്തിൽ നിന്ന് തീരുമാനം ലഭിച്ചതനുസരിച്ച് ശേഷിക്കുന്ന പ്രവൃത്തി ഉടൻ ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. |
| 7 | എടവനക്കാട് പഞ്ചായത്തിലെ എടവനക്കാട് നേതാജി റോഡിന്റെ മധ്യഭാഗത്തുള്ള പാലത്തിന്റെ പുനർ നിർമ്മാണം | പാലത്തിന്റെ പുനർ നിർമ്മാണം 22.7.2015ൽ കരാർ വച്ചെങ്കിലും പഞ്ചായത്ത് മുഖേന പാലത്തിലൂടെയുള്ള പൈപ്പ് ലൈൻ മാറ്റി സ്ഥാപിച്ച് തന്നത് 6/16ൽ മാത്രമാണ്. ഇപ്പോൾ പ്രവൃത്തി പുരോഗമിച്ചു കൊണ്ടിരിക്കുന്നു. |
| 8 | എടവനക്കാട് പഞ്ചായത്തിലെ നേതാജി സൗത്ത് എക്സ്റ്റൻഷൻ റോഡ് | എക്സ്റ്റൻഷൻ റോഡ് -ടെൻഡർ അംഗീകരിച്ചു കൊണ്ടുള്ള ഉത്തരവ് ഇതുവരെ ലഭിച്ചിട്ടില്ല. |
| 9 | അമ്പലക്കടവ് ബേസിൻ റോഡ് | 3 പ്രാവശ്യം ടെൻഡർ നടപടികൾ സ്വീകരിച്ചുവെങ്കിലും ആരും ദർഘാസിൽ പങ്കെടുക്കാത്തതിനാലും പങ്കെടുത്ത ദർഘാസിൽ ലഭിച്ചത് സിംഗിൾ ടെൻഡർ ആയതിനാലും പ്രവൃത്തി ഏർപ്പാടാക്കാൻ സാധിച്ചില്ല. റിവൈസ്ഡ് റ്റി.എസ്.പ്രകാരം പ്രവൃത്തി ടെൻഡർ ചെയ്ത് 8.9.2016 തീയതിയിൽ പ്രവൃത്തിയുടെ കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. പ്രവൃത്തി തുടങ്ങുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. |
| 10 | പള്ളിപ്പുറം പഞ്ചായത്തിലെ മഹാത്മാഗാന്ധി ലിങ്ക് റോഡ് | രണ്ടു തവണ ടെൻഡർ നടപടികൾ സ്വീകരിച്ചുവെങ്കിലും ടെൻഡറിൽ ആരും പങ്കെടുത്തിട്ടില്ല. ടി.എസ്.റിവൈസ് ചെയ്ത് പ്രവൃത്തിയ്ക്ക് ടെൻഡർ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. 6.10.2016ൽ ടെൻഡർ തുറക്കും. |

| | | |
|---|---|---|
| 11 | കുഴുപ്പിള്ളി പഞ്ചായത്തിലെ വെംബ്ളായിത്തോട് റോഡ് | രണ്ടു പ്രാവശ്യം ടെൻഡർ നടപടികൾ സ്വീകരിച്ചുവെങ്കിലും ആരും പങ്കെടുത്തില്ല. മൂന്നാമത്തെ ദർഘാസു വഴി 15.01.2016ൽ കരാർ വച്ച് പ്രവൃത്തി തുടങ്ങിയപ്പോൾ സ്ഥലവാസികളുടെ തർക്കം മൂലം രണ്ട് പ്രാവശ്യം പ്രവൃത്തി നിർത്തി വയ്ക്കേണ്ടി വന്നു. പ്രശ്നം തീർക്കുന്നതിന് പഞ്ചായത്തിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. പഞ്ചായത്ത് തീരുമാനം ലഭിച്ച ശേഷം പ്രവൃത്തി തുടങ്ങുന്നതാണ്. |
| 12 | എടവനക്കാട് പഞ്ചായത്തിലെ കണ്ണുപിള്ളക്കെട്ട് റോഡ് | 3 പ്രാവശ്യം ടെൻഡർ നടപടികൾ സ്വീകരിച്ചുവെങ്കിലും ആരും ദർഘാസിൽ പങ്കെടുക്കാത്തതിനാലും പങ്കെടുത്ത ദർഘാസിൽ ലഭിച്ചത് സിംഗിൾ ടെൻഡർ ആയതിനാലും പ്രവൃത്തി ഏർപ്പാടാക്കാൻ സാധിച്ചില്ല. റിവൈസ്ഡ് റ്റി.എസ്.പ്രകാരം പ്രവൃത്തി ടെൻഡർ ചെയ്ത് 25.8.2016 തീയതിയിൽ കരാറിൽ ഏർപ്പെട്ട് പ്രവൃത്തി പുരോഗതിയിലാണ്. |
| 13 | ഞാറയ്ക്കൽ പഞ്ചായത്തിലെ പി.വി.ഷാജി റോഡ് | 3 പ്രാവശ്യം ടെൻഡർ നടപടികൾ സ്വീകരിച്ചുവെങ്കിലും ആരും ദർഘാസിൽ പങ്കെടുക്കാത്തതിനാലും പങ്കെടുത്ത ദർഘാസിൽ ലഭിച്ചത് സിംഗിൾ ടെൻഡർ ആയതിനാലും പ്രവൃത്തി ഏർപ്പാടാക്കാൻ സാധിച്ചില്ല. റിവൈസ്ഡ് റ്റി.എസ്.പ്രകാരം പ്രവൃത്തി ടെൻഡർ ചെയ്ത് 8.9.2016 തീയതിയിൽ കരാറിൽ ഏർപ്പെട്ട് പ്രവൃത്തി തുടങ്ങുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. |
| 14 | എളങ്കുന്നപ്പുഴ പഞ്ചായത്തിലെ കുറിച്ചിപ്പാടം നടുച്ചിറ റോഡ് | 27.10.2016ൽ കരാർ വച്ചെങ്കിലും റോഡിന്റെ കൺസന്റ് സംബന്ധിച്ച് തർക്കം ഉള്ളതിനാൽ പ്രവൃത്തി തുടങ്ങുന്നതിന് സാധിച്ചിട്ടില്ല. പ്രശ്നം പരിഹരിക്കുവാൻ പഞ്ചായത്തിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. |
| 15 | മുളവുകാട് പഞ്ചായത്തിലെ ജൂതൻടപ്പ് റോഡ്. | പ്രവൃത്തി 6.6.2016ന് എഗ്രിമെന്റ് വച്ച് പുരോഗമിച്ചു കൊണ്ടിരിക്കുന്നു. |